# മലങ്കര മാർത്തോമ്മാ സുറിയാനി സഭ

**മാർത്തോമ്മാ സൺഡേസ്കൂൾ സമാജം പ്രസിഡന്റ് ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും**

സർക്കുലർ നമ്പർ: 172

കർത്താവിൽ വാത്സല്യമുള്ളവരെ, നിങ്ങൾക്ക് വന്ദനം.

സഭയുടെ ക്രിസ്തീയ വിദ്യാഭ്യാസ വിഭാഗമായ മാർത്തോമ്മാ സൺഡേസ്കൂൾ സമാജം, അതിന്റെ പ്രവർത്തനസരണയിൽ 117 വർഷം പിന്നിടുവാൻ ദൈവം കൃപ ചെയ്തു. സഭയുടെ നാഥനായ യേശുക്രിസ്തുവിനെ കർത്താവും, ദൈവവും, രക്ഷകനുമായി സ്വീകരിക്കുന്നതിന് വളർന്നു വരുന്ന തലമുറയെ ഒരുക്കുന്ന ശുശ്രൂഷയാണ് സമാജത്തിലൂടെ നിർവ്വഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. കോവിഡ് മാറിയ ഈ കാലഘട്ടത്തിലും പരിമിതികളെ മറികടന്ന് വിവിധ മാധ്യമങ്ങളിലൂടെ ഈ വർഷത്തെ സൺഡേസ്കൂൾ പഠനവും, വി.ബി.എസ്സും നടത്തുവാൻ ദൈവം കൃപ ചെയ്തു.

സമാജത്തിന്റെ അനുദിന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വൈദീകരേയും, പ്രവർത്തകരെയും, സൺഡേസ്കൂൾ അദ്ധ്യാപകരേയും, കുഞ്ഞുങ്ങളേയും പ്രത്യേകം പ്രാർത്ഥനയിൽ ഓർക്കുന്നതിന് നവംബർ മാസം 6-ാം തീയതി ഞായറാഴ്ച അഖിലലോക സൺഡേസ്കൂൾ ദിനമായി നാം ആചരിക്കുകയാണ്. അന്നേദിവസം ആരാധനയ്ക്ക് മെത്രാപ്പോലീത്താ തിരുമേനി അംഗീകരിച്ച ആരാധനക്രമം ഉപയോഗിക്കണം. ആരാധനയിൽ അദ്ധ്യാപകരേയും, കുഞ്ഞുങ്ങളെയും പങ്കെടുപ്പിക്കണം. അന്നേദിവസം ലഭിക്കുന്ന സ്തോത്രകാഴ്ച സമാജം ഓഫീസിൽ താമസം വിനാ അടയ്ക്കുന്നതിന് ചുമതലക്കാർ ശ്രദ്ധിക്കണം. സഭയോടും കർത്താവിനോടും ചേർന്ന് ഈ അനുഗ്രഹിത ശുശ്രൂഷയിൽ നമുക്ക് ഒന്നിച്ച് പങ്കെടുക്കാം.

ദൈവകൃപ നിങ്ങളിൽ വർദ്ധിച്ചു വരുമാറാകട്ടെ.

ക്രിസ്താബ്ദം 2022 ഒക്ടോബർ മാസം 20-ാം തീയതി തിരുവനന്തപുരം മാർത്തോമ്മാ അരമനയിൽ നിന്നും

MAR THOMA SUNDAY SCHOOL SAMAJAM · TIRUVALLA, KERALA · LIGHTED TO LIGHTEN

ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ
സൺഡേസ്കൂൾ സമാജം പ്രസിഡന്റ്

# MALANKARA MAR THOMA SYRIAN CHURCH

**From The Mar Thoma Sunday School Samajam President Dr. Joseph Mar Barnabas Suffragan Metropolitan**

Circular No. 172

Beloved in Christ, Greetings to all

By God's grace, Mar Thoma Sunday School Samajam, the Christian Education Department of the Church, was able to complete 117 years in its field of activities. The ministry of preparing the new generation to accept Jesus Christ, the Lord of the Church, as Lord, God and Saviour, is what is being carried out by the Samajam. Even in this period when the Covid scare has just abated, overcoming limitations, it was God's grace that helped to conduct this year's Sunday School Studies and VBS through various media platforms.

We observe November 6, Sunday, as World Sunday School Day to specially remember in prayer, the Clergy and Workers, involved in the regular activities of the Samajam and the Sunday School Teachers and Children. On that day, in the worship, the Worship Order approved by the Metropolitan should be used. Teachers and Students should be made to participate in the Worship. The office-bearers should ensure that the Offertory collected on that day, is submitted at the Samajam Office without delay. Let us all participate in this blessed service together with the Lord and the Church.

May the grace of God increase in you.

Christian Era 2022, October 20, from Trivandrum Bishop's House

**Dr. Joseph Mar Barnabas Suffragan Metropolitan**

Sunday School Samajam President

## സമർപ്പണ പ്രാർത്ഥന

കർത്താവായ യേശുവേ, ഞങ്ങൾ ഞങ്ങളെത്തന്നെ നിനക്കായി സമർപ്പിക്കുന്നു. നിനക്കായി ജീവിക്കുവാൻ ഞങ്ങളെ ശക്തീകരിക്കേണമേ. പഠിക്കുന്നതിന് ആരോഗ്യവും ബുദ്ധിയും വിവേകവും തരേണമേ. ദൈവീക മൂല്യങ്ങളെ മറക്കാതെ ജീവിപ്പാനും, യേശുവിന്റെ ജീവിതത്തെപോലെ സഹജീവികളെ കരുതുവാനും സ്നേഹിപ്പാനും അടിയങ്ങളെ സഹായിക്കേണമേ. തിന്മയുടെ ശക്തി വർദ്ധിക്കുന്ന ലോകത്തിൽ പരിശുദ്ധാത്മാവിലും ദൈവകൃപയിലും വളർന്ന് ദൈവമക്കളായി തീരുവാൻ ഞങ്ങളെ പൂർണ്ണമായി സമർപ്പിക്കുന്നു.

ആമേൻ.

# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

**അഖിലലോക സൺഡേസ്കൂൾ ദിനം**

**2022 നവംബർ 6, ഞായർ**

## ആരാധനക്രമം

## ആരാധനാഹ്വാനം

*"വരുവിൻ നാം യഹോവയ്ക്ക് ഉല്ലസിച്ച് ഘോഷിക്ക; നമ്മുടെ രക്ഷയുടെ പാറയ്ക്ക് ആർപ്പിടുക. നാം സ്തോത്രത്തോടെ അവന്റെ സന്നിധിയിൽ ചെല്ലുക. സങ്കീർത്തനങ്ങളോടെ അവന് ഘോഷിക്ക. (സങ്കീ. 95: 1- 2)*

**പാട്ട്**

**കൗമ്മാ**

## പ്രാരംഭ പ്രാർത്ഥന

കരുണയുള്ള ദൈവമേ, അഖില ലോക സൺഡേസ്കൂൾ ദിനത്തിൽ തിരുസന്നിധിയിൽ ചേർന്ന് വന്ന ഞങ്ങളെ അനുഗ്രഹിക്കേണമേ. ഈ ലോകത്തിൽ നിന്റെ ഇഷ്ടം ചെയ്യുന്ന മക്കളായി ഞങ്ങളെ ആക്കിയിരിക്കുന്നതിനാൽ നിന്നെ സ്തുതിക്കുന്നു. കുഞ്ഞുങ്ങളെ ചേർത്തണച്ച്, ഞങ്ങൾ നിന്റെ വകയാണെന്നും, നിഷ്ക്കളങ്ക ഹൃദയത്തോടെ ജീവിക്കണമെന്നും പഠിപ്പിച്ച നാഥാ നിന്നെ മഹത്വപ്പെടുത്തുന്നു. പ്രലോഭനങ്ങളിൽ വീണ് പോകാതെ നിന്നിൽ ആശ്രയിച്ച് ജീവിക്കുവാൻ കൃപ നല്കുന്നതിനായി നിനക്ക് സ്തോത്രം അർപ്പിക്കുന്നു. നിന്നിൽ പൂർണ്ണമായി വിശ്വസിക്കുവാനും ആശ്രയിക്കുവാനും, നിനക്ക് മഹത്വം നല്കുന്ന ജീവിതം കാഴ്ച വെയ്ക്കുവാനും ഞങ്ങളെ സഹായിക്കണമെന്ന് നിന്നോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ

## അനുതാപ പ്രാർത്ഥന

*"എന്നെ നന്നായി കഴുകി എന്റെ അകൃത്യം പോക്കേണമേ. എന്റെ പാപം നീക്കി എന്നെ വെടിപ്പാക്കണമേ". (സങ്കീ. 51:2)*

ഓരോ പ്രാർത്ഥനയ്ക്കുശേഷം *'ദയതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ'* എന്ന് പ്രതിവാക്യമായി പറയണം.

1. ആരാധനയിലും ദൈവവചന പഠനത്തിലും, കുടുംബ പ്രാർത്ഥനയിലും ക്രമമായി പങ്കെടുക്കുന്നതിനു സാഹചര്യം ഉണ്ടായിരുന്നിട്ടും അവയിൽ ഞങ്ങൾ കാണിച്ച അലസതയെ ഓർത്ത് ദൈവമേ.....

**പ്രതിവാക്യം : *ദയതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ.***

**2.** സകലത്തേയും സൃഷ്ടിച്ച നിന്റെ കരവിരുതിന്റെ മാഹാത്മ്യം മനസ്സിലാക്കാതെ ക്ഷണനേരത്തേക്ക് മാത്രം നൽകുന്ന ആനന്ദങ്ങളിൽ മുഴുകി പോയ ഞങ്ങളുടെ ബലഹീനതയെ ഓർത്ത് ദൈവമേ.....

**പ്രതിവാക്യം : *ദയതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ.***

**3.** മുതിർന്നവരേയും അദ്ധ്യാപകരേയും ബഹുമാനിക്കാതെയും മാതാപിതാക്കളെയും കുടുംബാംഗങ്ങളേയും സ്നേഹിക്കാതെയും ഞങ്ങളുടെ താല്പര്യങ്ങൾക്ക് വേണ്ടി മാത്രമായി ജീവിച്ചുപോയ കുറവിനെ ഓർത്ത് ദൈവമേ.....

**പ്രതിവാക്യം : *ദയതോന്നി ഞങ്ങളോട് ക്ഷമിക്കേണമേ.***

## സ്തോത്ര പ്രാർത്ഥന

*"യഹോവേ നിന്റെ സകല പ്രവൃത്തികളും നിനക്കു സ്തോത്രം ചെയ്യും. നിന്റെ ഭക്തന്മാർ നിന്നെ വാഴ്ത്തും. എന്റെ വായ് യഹോവയുടെ സ്തുതിയെ പ്രസ്താവിക്കും". (സങ്കീ. 145:10, 21)*

ഓരോ പ്രാർത്ഥനയ്ക്കുശേഷം *'ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു'* എന്ന് പ്രതിവാക്യമായി പറയണം.

1. തെറ്റിലേക്ക് അകപ്പെടാതവണ്ണം കുഞ്ഞുങ്ങളെ ചേർത്ത് നിർത്തുവാൻ ലോകമെമ്പാടും ആരംഭിച്ച സൺഡേസ്കൂൾ പ്രസ്ഥാനത്തിനായും അതിന് നേതൃത്വം നൽകിയവർക്കായും ദൈവമേ.........

**പ്രതിവാക്യം: *ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

2. ദൈവരാജ്യത്തിന്റെ യഥാർത്ഥ അവകാശികളാക്കുവാൻ കുഞ്ഞുങ്ങളെ ഒരുക്കുന്ന ഞങ്ങളുടെ സൺഡേസ്കൂൾ സമാജത്തിനായും അതിന്റെ എല്ലാ പ്രവർത്തകർക്കായും ശുശ്രൂഷകൾക്കായും ദൈവമേ......

**പ്രതിവാക്യം: *ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

3. ദൈവസ്നേഹത്തെ തിരിച്ചറിയുവാനും വിശ്വാസത്തിൽ ഉറപ്പിക്കുവാനും ശ്രമിക്കുന്ന മാതാപിതാക്കൾ, സൺഡേസ്കൂൾ അദ്ധ്യാപകർ എന്നിവർക്കായും ദൈവമേ....

**പ്രതിവാക്യം: *ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.***

## മദ്ധ്യസ്ഥ പ്രാർത്ഥന

*"ദൈവമേ, എന്റെ പ്രാർത്ഥന ശ്രദ്ധിക്കണമേ; എന്റെ യാചനയ്ക്കു മറഞ്ഞിരിക്കരുതേ, എനിക്കു ചെവി തന്ന് ഉത്തരമരുളണമേ"(സങ്കീ. 55:1)*

ഓരോ പ്രാർത്ഥനയ്ക്കുശേഷം *'ദൈവമേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ'* എന്ന് പ്രതിവാക്യമായി പറയണം.

1. നമ്മുടെ സഭയ്ക്കായും, സഭയെ നയിക്കുന്ന അഭിവന്ദ്യ മെത്രാപ്പോലീത്താ, സഫ്രഗൻ മെത്രാപ്പോലീത്താമാർ, മറ്റ് എപ്പിസ്ക്കോപ്പാമാർ, വികാരി ജനറാൾമാർ പട്ടക്കാർ, സുവിശേഷകർ, സേവിനിമാർ, സഭാ ജനങ്ങൾ എന്നിവർക്കായും, മാർത്തോമ്മാ സൺഡേസ്കൂൾ സമാജം പ്രസിഡന്റ് ഡോ. ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, ഔദ്യോഗിക ചുമതലക്കാർ, മാനേജിംഗ് കമ്മറ്റിയംഗങ്ങൾ, ഓഫീസ് പ്രവർത്തകർ, ഫീൽഡ് സ്റ്റാഫ് അംഗങ്ങൾ, സൺഡേസ്കൂൾ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സെന്റർ, ഡിസ്ട്രിക്ട്, ഭദ്രാസന, കേന്ദ്രതല പ്രവർത്തകർക്കായും, പ്രവർത്തനങ്ങൾക്കായും പ്രാർത്ഥിക്കാം.

**പ്രതിവാക്യം: *ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.***

2. പലതരത്തിലുള്ള പകർച്ച വ്യാധികൾ, പ്രകൃതിക്ഷോഭങ്ങൾ, യുദ്ധം, തീവ്രവാദ പ്രവർത്തനങ്ങൾ എന്നിവമൂലം അനാഥരാക്കപ്പെട്ട ബാല്യങ്ങൾക്കുവേണ്ടിയും അഭയാർത്ഥികളായി പലായനം ചെയ്യപ്പെട്ട തലമുറകൾക്ക് വേണ്ടിയും മാരകമായ രോഗങ്ങൾക്ക് ചികിത്സയിലായിരിക്കുന്ന കുഞ്ഞുങ്ങൾക്ക് വേണ്ടിയും പ്രാർത്ഥിക്കാം.

**പ്രതിവാക്യം: *ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.***

3. മദ്യം, മയക്കുമരുന്ന്, ലഹരി വസ്തുക്കൾ, അക്രമാസക്തി, ആഡംബര ഭ്രമം, അപകടകരങ്ങളായ ഗെയിമുകൾ എന്നിവയിൽ കുടുങ്ങി ദുരിതപൂർണ്ണമായ ജീവിതം നയിക്കുന്ന വിദ്യാർത്ഥികൾക്കായും അവരുടെ വിടുതലിനായി നടത്തപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കാം.

**പ്രതിവാക്യം: *ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.***

4. സമാജത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിദ്യാർത്ഥി ക്യാമ്പുകൾ, വി.ബി.എസ്., അദ്ധ്യാപക കൂട്ടായ്മകൾ, മിഷൻ ടു പാരീഷ്, മിഷൻ ടു സ്കൂൾ എന്നിവയ്ക്കായും, സി.ഇ.സി ചരൽക്കുന്ന്, ക്യാമ്പ് സെന്റർ, കൊല്ലം ആശ്രയാ, സുഗന്ധഗിരി എന്നിവയുടെ പ്രവർത്തനങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം.

**പ്രതിവാക്യം: *ദൈവമേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമേ.***

4. Let us pray for God's blessing on the programmes being carried out under the leadership of the Samajam through Students Camps, VBS, Teacher's Fellowship, Mission to Parish and Mission to School, C.E.C Charalkunnu Camp Centre, Kollam Ashraya and Sugandhagiri…

**Response:** ***O God, hear our prayer***

## DEDICATION PRAYER

Lord Jesus, we submit ourself to You. Strengthen us to live for You. Give us health, intelligence and wisdom to study. Help us, Your servants, to live without forgetting godly values and to love and care for all creation as Jesus lived and showed us. In this world, where evil is ever increasing, we fully dedicate ourselves to become God's children by growing in the Holy Spirit and in God's grace. Amen.

# MAR THOMA SUNDAY SCHOOL SAMAJAM

**World Sunday Day School Day**

**Sunday, November 6, 2022**

## CALL TO WORSHIP

*Come, let us sing for joy to the LORD; let us shout aloud to the Rock of our salvation. Let us come before him with thanksgiving and extol him with music and song. (Psalm 95:1-2)*

## SONG

## KAUMA

## OPENING PRAYER

Merciful God, bless us who have gathered together in Your presence on this World Sunday School Day. We praise You for having placed us in this world, as Your children who do Your will. We glorify You, O Lord, who embraced little children and taught us that we are Yours and that we should live with a clean heart. We thank You for giving us Your immense grace so that we don't fall into temptations but live trusting You. We pray that You help us to have complete faith in You and fully trust You and live a life that glorifies Your name. Amen.

## PRAYER OF REPENTANCE

*"Wash away all my iniquity and cleanse me from my sin." (Psalm 51:2)*

Respose after each prayer "Have mercy and forgive us"

1. For the laziness we showed even when there were opportunities to participate in worship, studying the word of God and regularly attending family prayer, O God…

**Response:** ***"Have mercy and forgive us"***

2. Without appreciating the greatness of Your handiwork which created everything, in our weakness we have plunged into momentary pleasures. For this, O God…

**Response:** "***Have mercy and forgive us"***

3. We have lived a selfish life according to our own interests, without respecting our elders and teachers, not loving our parents and family members. For this shortcoming, O God…

**Response:** ***"Have mercy and forgive us"***

**THANKSGIVING PRAYER**

*"All Your works praise You, Lord; Your faithful people extol You. My mouth will speak in praise of the Lord. Let every creature praise his holy name for ever and ever." (Psalm 145:10, 21)*

Respose after each prayer *"We thank You"*

1. For the Sunday School Movement which was started all over the world with the aim of keeping children close together so that they would not fall into wrong doing; and for all those who gave leadership to it, O God…

**Response:** ***We thank You***

2. For our Sunday School Samajam which tries to prepare the children to become the real inheritors of the Kingdom of God, and all its workers and activities, O God…

**Response:** ***We thank You***

3. For Parents and Sunday School Teachers who try to make us comprehend the love of God and secure us in faith through their love and care, O God…

**Response:** ***We thank You***

**INTERCESSORY PRAYER**

*"Listen to my prayer, O God, do not ignore my plea, hear me and answer me…." (Psalm 55:1)*

Respose after each prayer*"O God, hear our prayer"*

1. Let us pray for our Church and our Most Respected Metropolitan who leads our church, our Respected Suffragan Metropolitans, other Bishops, Vicar Generals, Priests, Evangelists and members of our church, for the President of the Sunday School, Rt. Rev. Dr. Joseph Mar Barnabas Suffragan Metropolitan, and for all those who function as the office bearers, members of the Managing Committee, Office Staff, Field Workers, and the Sunday School Students, Teachers, and all those who work at the Centre, District, Diocese and Samajam level. We pray that You will bless their efforts…

**Response:** ***O God, hear our prayer***

2. For the young lives who have become orphaned by different kinds of epidemics, nature's furies, wars, terrorist activities, and for the generations that are fleeing as refugees and little children who are in treatment for terminal illness. Let us pray that God gives them relief…

**Response:** ***O God, hear our prayer***

3. Let us pray for all the work that's being done among students who are leading a miserable life entrapped in addictions like alcohol, narcotics, intoxicating drugs, aggressive behaviour, lust for opulence and dangerous games. We pray that You rescue them…

**Response:** ***O God, hear our prayer***